# അതിജീവനത്തിന്റെ ജൈത്രയാത്ര

മനുഷ്യമനസ്സിലെ വികാരവിചാരങ്ങളുടെ ആവിഷ്കാരമാണ് സാഹിത്യത്തിൽ നിർവ്വഹിക്കപ്പെടുന്നത് എന്നതു തർക്കമറ്റ സംഗതിയാണല്ലോ. അതിൽ ആനുകാലികവിഷയങ്ങളുടെ പ്രസക്തി അനുസരിച്ച് സാഹിത്യം; ഫെമിനിസം, ദളിത്ചിന്തകൾ, കമ്പ്യൂട്ടർയുഗം, പോർണോഗ്രഫി, അസ്തിത്വവാദം, അലിഗറി, ആധുനികോത്തരത, ആഗോളവല്ക്കരണം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെ ഉൾക്കൊള്ളുന്നു. സാഹിത്യത്തിനു പല നിർവ്വചനങ്ങളുണ്ട്. തോൺഡൺ വൈൽഡർ പറയുന്നു. കഴമ്പില്ലാത്ത പ്രസ്താവങ്ങളുടെ ഉപകരണസംഗീതാലാപനമാണ് സാഹിത്യമെന്ന്. ജീവിതത്തിന് എപ്പോഴും പ്രതീക്ഷ നല്കുന്നതാണ് സാഹിത്യമെന്നാണ് ഓസ്കാർവൈൽഡ് പറയുന്നത്. തോമസ് ഡ്വീകൻസിയുടെ അഭിപ്രായത്തിൽ, സാഹിത്യം രണ്ടുവിധത്തിലുണ്ട്. ഒന്നാമത്തേത് അറിവിന്റെ സാഹിത്യം, രണ്ടാമത്തേത്, ശക്തിയുടെ സാഹിത്യം. അറിവിന്റെ സാഹിത്യം പഠിപ്പിക്കുക എന്ന കൃത്യം നിർവ്വഹിക്കുന്നു. ശക്തിയുടെ സാഹിത്യം ചലിപ്പിക്കുന്നു. സ്ത്രീജീവിതത്തിലും സാഹിത്യത്തിലും തിരിച്ചറിവിന്റെ മേഖലയിലേക്കു കടന്നു വന്നിരിക്കുന്നു എന്നതു പ്രധാന കാര്യമാണ്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് അവളെ ചലിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. പ്രത്യേകിച്ച് അധഃകൃത വർഗ്ഗത്തിലുട്ടെ സ്ത്രീകൾ. എല്ലാവിധ ചൂഷണങ്ങൾക്കും വിധേയരാകുന്ന സ്ത്രീ മാത്രമല്ല, പുരുഷനും ദലിത് എന്നറിയപ്പെടുന്നു. ദലിത് എന്ന പദം പ്രചാരത്തിൽ കൊണ്ടു വന്നത് 1970-കളുടെ

ആദ്യം മഹാരാഷ്ട്രയിൽ രൂപം കൊണ്ട ദലിത് പാന്തർ പ്രസ്ഥാനമാണ്. വാച്യാർത്ഥം അടിച്ചമർത്തപ്പെട്ട എന്നാണ്. ഇന്നലെ വരെ അമർത്തിപ്പിടിച്ച ശബ്ദത്തിന്റെ, വിചാരത്തിന്റെ, അഭിലാഷങ്ങളുടെ ആവിഷ്കാരമാണ് ദലിത്സാഹിത്യത്തിലടങ്ങിയിരിക്കുന്നത്. ആയിരക്കണക്കിനു വർഷങ്ങൾക്കുശേഷമാണ് ദലിത് ജീവിതം, സാഹിത്യത്തിൽ അടയാളപ്പെടുത്താൻ തുടങ്ങിയത്. ദലിതരുടെ ദുഃഖങ്ങൾക്കു ബഹിർഗമനം ഉണ്ടായിരിക്കുന്നു. ദലിത് സാഹിത്യമെന്നാൽത്തന്നെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സാംസ്കാരിക പ്രവൃത്തിയും മനുഷ്യാവകാശങ്ങൾക്കു വേണ്ടിയുള്ള അക്ഷീണമായ പോരാട്ടവുമാണ്.

ബാബുറാവു ബാഗുലിന്റെ അഭിപ്രായത്തിൽ, ദലിത് സാഹിത്യത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. മനുഷ്യന്റെ ഇമ്പങ്ങളും തുമ്പങ്ങളും ആവിഷ്കരിക്കുന്ന ദലിത് സാഹിത്യം അവനെ വിപ്ലവത്തിലേക്ക് നയിക്കുന്നു. അവനെ മഹത്വമുള്ളവനായി കണക്കാക്കുന്നു. അവനിൽ വിഭാഗീയത പ്രചരിപ്പിക്കുന്നില്ല. പകരം അന്യോന്യം സ്നേഹിക്കാൻ പഠിപ്പിക്കുന്നു. ഭാരതീയ ദലിത് സാഹിത്യ അക്കാദമി കേരളഘടകത്തിന്റെ അധ്യക്ഷൻ എരുമേലി വിജയന്റെ അഭിപ്രായത്തിൽ, ദലിത് സാഹിത്യം ദലിത് സമുദായത്തിൽ ജനിച്ച ഒരുവൻ തന്നെ എഴുതുന്നതായിരിക്കണമെന്നില്ല.... ദലിത് സാഹിത്യം ജാതി സാഹിത്യമല്ല. ജാതി നശീകരണത്തിനും സമത്വത്തിനും വേണ്ടി പോരാടുന്ന വിപ്ലവകാരികളുടെ സാഹിത്യമാണ് (പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, പുറം 83). ദലിത് എഴുത്തുകാരന് ദലിത് കാഴ്ചപ്പാടുകൾ ഉണ്ടായിരിക്കണം.

മാറ്റങ്ങൾക്കു വേണ്ടിയുള്ള കലാപങ്ങളുടെ ചിഹ്നമാണ് ദലിതർ. അത് ഒരു ജാതിയല്ല. പരിവർത്തനത്തിന്റെയും വിപ്ലവത്തിന്റെയും പ്രതീകമാണത്. ഈ രാജ്യത്തെ ചൂഷിതരെ അതു പ്രതിനിധാനം ചെയ്യുന്നു. അടിമ ഉടമ ബന്ധത്തിന്റെ അനുഭവസാക്ഷ്യങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ചരിത്രം എന്നു പറയുന്നത് മനുഷ്യന്റെ അനേകം മുഖങ്ങളാണെന്നു അഴീക്കോട് ചൂണ്ടിക്കാട്ടുന്നു(സുകുമാർ അഴീക്കോട്, ഭാരതീയത, ഡി.സി.ബുക്സ്, കോട്ടയം, 1999, പുറം17). അധികാരവും ജനതയും തമ്മിലുള്ള ബന്ധത്തിന്റെ രേഖയാണ് ചരിത്രത്തിൽ അടയാളപ്പെടുത്തുന്നത്. അടിമ ഉടമ വ്യവസ്ഥയിൽ നിന്നും സാമൂഹികസമത്വത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ മനുഷ്യൻ അനവരതം നടത്തിയ സംഘട്ടനങ്ങളുടെ സുദീർഘമായ കഥയാണ് ചരിത്രം (കരീം

സി.കെ., ചരിത്രപഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1984, പുറം 19). ഓരോ സമൂഹത്തിലും ഏതെങ്കിലും ഒരു വർഗ്ഗം സമൂഹത്തിന്റെ ഉല്പാദനവിഭവങ്ങളെ കയ്യടക്കിവെച്ച് മൃഗീയഭൂരിപക്ഷത്തെ അടക്കി ഒതുക്കി കഴിഞ്ഞിട്ടുണ്ട്. അവശത അനുഭവിച്ച വർഗ്ഗങ്ങൾ സംഘടിതമായി എതിർത്തിട്ടുമുണ്ട്.... അടിമകൾ ഉടമകൾക്കെതിരെ സമരം ചെയ്തു. ഇന്ന് കുടിയാൻ ജന്മിക്കെതിരായി സമരം ചെയ്യുന്നു. തൊഴിലാളികൾ മുതലാളികൾക്കെതിരെയും.... എന്നും താല്പര്യങ്ങളും ആശയങ്ങളും അഭിലാഷങ്ങളും തമ്മിൽ സംഘട്ടനങ്ങൾ നടക്കാതെ നിർവ്വാഹമില്ല, അവിരാമമായ സംഘട്ടനത്തിന്റെ കഥയാണ് മനുഷ്യചരിത്രം (കരീം സി.കെ., ചരിത്ര പഠനങ്ങൾ, പുറം18-29).

വയനാട്, അട്ടപ്പാടി ജില്ലകളിൽ അടിച്ചമർത്തപ്പെട്ട ചൂഷിതരുടെ നിലവിളി ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. വർഷങ്ങളോളം അദ്ധ്വാനിച്ച ഭൂമി തങ്ങളുടെ പേരിൽ സ്വന്തമായി കിട്ടുന്നതിനും വേതനത്തുക ന്യായമായി വർദ്ധിപ്പിക്കുന്നതിനും അവർ ശബ്ദം മുഴക്കിക്കൊണ്ടിരിക്കുന്നു. പഴയകാലത്ത് നിലനിന്നിരുന്ന അവകാശസമരങ്ങളുടെ ബാക്കിപത്രമെന്നോണം ആ ശബ്ദം അവശേഷിക്കുന്നു. ആദിവാസി ചരിത്രത്തിലേക്കു കണ്ണോടിക്കുകയാണെങ്കിൽ, മാനന്തവാടിയ്ക്കരികിലാണ് വള്ളിയൂർക്കാവ് ക്ഷേത്രം. പണ്ട് അടിയരേയും പണിയരേയും അടിമകളാക്കുന്ന കരാർ ഇവിടെ വെച്ചാണ് ജന്മികൾ ഉറപ്പിച്ചിരുന്നത്. പണം പറ്റുന്ന ആദിവാസിയും കുടുംബവും ആ ഭൂവുടമയ്ക്കുവേണ്ടി ജീവിതകാലം മുഴുവൻ ജോലിയെടുക്കണം എന്നാണു നിബന്ധന. എന്നാൽ അവർക്കു സ്വന്തമായൊന്നും ലഭിക്കുകയില്ല. ചരിത്രം പരിശോധിക്കുമ്പോൾ, പെരുമാട്ടി പഞ്ചായത്തിൽ നടന്ന കോളവിരുദ്ധസമരത്തിനു നേതൃത്വം കൊടുത്തത് ഗോത്രവർഗ്ഗമായ ഇരവാലൻ സമൂഹത്തില്പെട്ട മയിലമ്മയായിരുന്നു എന്നു കാണാവുന്നതാണ്. കേരളത്തിലെ ആദിവാസി വിഭാഗത്തില്പെട്ട സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ സമരങ്ങളുണ്ടായത് ഏവർക്കുമറിയാവുന്നതാണ്. ഇടം നഷ്ടപ്പെട്ട ഒരു ജനസമൂഹത്തോട് പരിഷ്കൃതലോകം ചെയ്ത തെറ്റുകൾ അനേകമാണ്. വിശ്വാസങ്ങളും പാരമ്പര്യങ്ങളും തനതു ശൈലിയിൽ തുടരുന്ന ആദികുലങ്ങൾ ഇന്നു തിരിച്ചറിവിന്റെ പ്രകാശത്തിൽ മുന്നേറുവാൻ തുടങ്ങുന്നു.

പുരോഗതിയുടെ കാര്യത്തിൽ ഇന്നും പുറകിൽ നില്ക്കുന്നവരാണ് കാട്ടുനായ്ക്കർ, തേൻകുറുമർ, ജേനു കുറുമ്പൻ എന്നിവർ. വനവിഭവങ്ങളായ

തേൻ, കാട്ടുകിഴങ്ങ്, കായ്കനികൾ, പുഴമത്സ്യം എന്നിവയെ ആശ്രയിച്ചാണവർ കഴിയുന്നത്. മുള ഉരസിയാണ് തീ ഉണ്ടാക്കിയിരുന്നത്. പ്രാകൃതരായിക്കഴിയുന്ന ഒരു വിഭാഗം. കാടിന്റെ നായകൻമാരായ ഇവർ കാട്ടുനായ്ക്കന്മാരായി. പണ്ടുകാലത്ത് മലയുടെ അടിവാരങ്ങളിലും ഗുഹകളിലും താമസിച്ചിരുന്ന ഇവർ മലാടി എന്ന പേരിലും അറിയപ്പെട്ടിരുന്നു. ചെറുകോളനികളിലായിട്ടാണ് താമസം. കുടിലുകൾ മെടല (ഗോഡ) കൊണ്ടുണ്ടാക്കിയതായിരിക്കും. അതായത് മുള തല്ലി തട്ടിയായി അടിക്കുന്നു. അതിന്റെ അകവും പുറവും മണ്ണു തേച്ചു കുഴച്ചു തേയ്ക്കും. മേല്ക്കൂര പുല്ലു മേഞ്ഞതായിരിക്കും. വസ്ത്രധാരണരീതിയിൽ വലിയ ആഡംബരമൊന്നും അവർക്കില്ല. നീളമുള്ള ചേലയാണ് സ്ത്രീകൾ ധരിക്കുന്നത്. അരയ്ക്കു ചുറ്റിയ വസ്ത്രത്തിന്റെ മറുതല തന്നെ മാറു മറയ്ക്കാനും ഉപയോഗിക്കുന്നു.

ദലിത് കഥ, കഥാസാഹിത്യത്തിൽ പുതിയൊരു സാമൂഹികമാനം കൈവരുത്തി. മലയാളത്തിൽ ടി.കെ.സി.വടുതലയും സി.അയ്യപ്പനുമാണ് ചെറുകഥാരംഗത്ത് മുന്നിട്ടു നില്ക്കുന്നത്. ജാതീയങ്ങളായ പരാധീനതകൾകൊണ്ട് അടിച്ചമർത്തപ്പെട്ട ദലിതരുടെ ആത്മീയവിക്ഷോഭങ്ങളുടെ ഞെരുക്കം ടി.കെ.സി.യുടെ കഥകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. സി.അയ്യപ്പനാകട്ടെ, ദലിത് ജീവിതാവസ്ഥയുടെ ആന്തരിക സംഘർഷങ്ങൾ കഥകളിൽ ചിത്രീകരിച്ചിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായി ദലിതരുടെ ആഗ്രഹങ്ങൾ വിപ്ലവവീര്യത്തിനു വഴിമാറുന്ന ജീവിതയാഥാർത്ഥ്യമാണ് എം.മുകുന്ദൻ 'കാമവും വിപ്ലവവും' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. കാട്ടുനായ്ക്കരുടെ ജീവിതപരിച്ഛേദമാണ് കഥയുടെ കേന്ദ്രപ്രമേയം. ആലക്കോരി ചന്തയിൽവെച്ച് മുളങ്കുറ്റികളിൽ തേൻ നിറച്ച് വില്ക്കുവാൻ പോയി തിരിച്ചുവരുന്ന തുള്ളിച്ചിയെ സ്വന്തമാക്കുവാൻ ആഗ്രഹിക്കുന്ന തലമുറിയൻ ആദിവാസി ജീവിതത്തിന്റെ പരിച്ഛേദമാണ്. ഈ കഥയിലൂടെ വെളിപ്പെടുന്ന തേനിന്റെ വില്പനയെക്കുറിച്ചുള്ള ചർച്ചയിൽ നിന്നും രണ്ടുപേർക്കും കണക്കു കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ വ്യക്തമാക്കുന്നുണ്ട്. അത് ഇന്നും ചിലയിടങ്ങളിൽ നിലനില്ക്കുന്ന അവസ്ഥയാണ്. കണക്കുകളും കണക്കുകൂട്ടലുകളുമില്ലാതെ അന്നന്നുവേണ്ട ആഹാരത്തിനു വേണ്ടി അത്യദ്ധ്വാനം ചെയ്യുന്ന മനുഷ്യക്കോലങ്ങൾ. നിരന്തരമായ ചൂഷണം ചിലപ്പോഴെല്ലാം അവരുടെ പ്രതിരോധശേഷിയെ ചലിപ്പിക്കുന്നുണ്ട്.

ആദിവാസി ഭഗവതിയായ കള്ളത്തി ഭഗവതിയെക്കുറിച്ചു പറയുന്നുണ്ട്. ഭഗവതിയുടെ കുരുത്തോലമുടിയിൽ ഫണം വിടർത്തി നില്ക്കുന്ന പറക്കും പാമ്പുകളെ കാണാം. കാവിലെ ആട്ടം കഴിഞ്ഞാൽ പാമ്പുകൾ

തിരികെ മുരിക്കിൻ മുകളിൽ പറന്നു ചെന്നിരിക്കും. ചത്ത പശുവിന്റെ ഇറച്ചിതിന്ന് അമ്മ ചത്തു പോയിരിക്കുന്നു. കുപ്പയിൽ പുരയുള്ള ആദിവാസികളുടെ ഭക്ഷണം വൃത്തിയില്ലാത്തതാണെന്നു സൂചിപ്പിക്കപ്പെടുന്നു. ആദിവാസി പേരുകൾ, തന്തയുടെ പേര് നായിന്റെ മോൻ എന്നും തള്ളയുടെ പേര് തേവിടിച്ചി എന്നുമാണ്. കഥാനായികയായ തുള്ളിച്ചി നിരക്ഷരയാണെങ്കിലും തന്റെ ചാരിത്ര്യം കാത്തുസൂക്ഷിക്കാൻ അവൾ ബദ്ധശ്രദ്ധയാണ്. സ്വന്തം വർഗ്ഗത്തിൽ നിന്നുപോലും അവൾക്കു സുരക്ഷിതത്വം അനുഭവപ്പെടുന്നില്ല. ജീവിതം പുലർത്താൻ രാപകൽ തേൻ വിറ്റ് തിരിച്ചുവരുന്ന തുള്ളിച്ചിയെ പിന്തുടർന്ന തലമുറിയനിൽ നിന്നും അവൾ തുണി വലിച്ചു പറിച്ചായാലും രക്ഷപ്പെടുന്നുണ്ട്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും നിസ്സഹായയായ സ്ത്രീ ചിത്രം കഥാകൃത്ത് ആവിഷ്കരിക്കുന്നുണ്ട്. ദേഷ്യം പോയ തുള്ളിച്ചി തലമുറിയനെ അന്വേഷിക്കാൻ തുടങ്ങുന്നു.അവന്റെ കുടിയിലെത്തി. എന്തുതന്നെ നല്കാമെന്നു പറഞ്ഞിട്ടും ചെറ്റവാതിലിൽ തല ചായ്ച്ചു വെച്ച് തേങ്ങിക്കരഞ്ഞിട്ടും തലമുറിയൻ വഴങ്ങിയില്ല. ഇവിടെ കാമം വിപ്ലവത്തിലേക്കു വഴി മാറുന്നു.

"ഈങ്കിലാബ് സിന്ദാബാദ്. രക്തസാക്ഷികൾ സിന്ദാബാദ്...". അവകാശങ്ങൾക്കു വേണ്ടിയുള്ള സമരം ആദിവാസികൾ ആരംഭിച്ചു കഴിഞ്ഞു. ഉറച്ചതീരുമാനത്തോടെയുള്ള മുന്നേറ്റങ്ങൾ ആദിവാസി ചരിത്രത്തിന്റെ താളുകളിൽ കുറിക്കപ്പെട്ടുകഴിഞ്ഞു എന്നതിന്റെ സൂചനയാണ് ഈ കഥ.

പ്രണയത്തിന്റെ ആർദ്രകാല്പനികതയ്ക്കു പകരം കീഴാളജീവിതത്തിലെ താളപ്പിഴകളും സ്വപ്നങ്ങളും കൂട്ടിച്ചേർത്തു വായിക്കാൻ ശ്രമിക്കുന്ന കാഥികൻ രാഷ്ട്രീയത്തിന്റെ വിപ്ലവവീര്യത്തിലേക്കു കൂടി കഥാപ്രമേയം വ്യതിചലിപ്പിക്കുന്നു. വിപ്ലവം സ്വാർത്ഥതാല്പര്യങ്ങൾക്കു വേണ്ടി മാത്രമായിരിക്കരുത്, അതൊരു വിമോചനസമരം തന്നെയാകണമെന്നും മാറ്റങ്ങൾക്കു തുടക്കം കുറിക്കുവോളം അതിനു അന്ത്യം സംഭവിക്കരുത് എന്നും വ്യക്തമാക്കുന്നു. ഇന്നും ആദിവാസി കോളനികളിലെ വിമോചനസ്വരം തുടരുന്നുണ്ട്. ആവശ്യങ്ങൾ പലതാണ്. വിദ്യാഭ്യാസത്തിനു വേണ്ടി, ഭൂമിക്കു വേണ്ടി, അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടി, പുരോഗതിക്കു വേണ്ടി അങ്ങനെയങ്ങനെ. ഈയടുത്ത ദിനങ്ങളിൽ മൂന്നാർ തോട്ടം മേഖലയിലെ കുറഞ്ഞ വേതനം 500 രൂപയാക്കണമെന്ന ആവശ്യവുമായി രാപകൽ സമരപരിപാടികൾ എല്ലാവരുടെയും ശ്രദ്ധയാകർഷിച്ച സംഭവമാണല്ലോ. 'പൊമ്പിളൈ ഒരുമൈ'

പ്രവർത്തകർ വേറിട്ട സമരതന്ത്രങ്ങളിലൂടെ വാർത്തകൾ സൃഷ്ടിച്ചു. പതിനേഴ് ദിവസങ്ങളോളം നടന്ന സമരം നീണ്ടുപോയാൽ ഉണ്ടാകുന്ന തോട്ടം മേഖലയുടെ പ്രതിസന്ധി കണക്കിലെടുത്ത്, ചർച്ചയിൽ സമരം പിൻവലിപ്പിക്കുയാണുണ്ടായത്. ഹരിയാനയിലെ സോൻപേട് ഗ്രാമത്തിൽ ഉറങ്ങിക്കിടന്ന നാലംഗ ദളിത് കുടുംബത്തെ ഉയർന്ന ജാതിക്കാർ പെട്രോളൊഴിച്ചു കത്തിച്ച വാർത്ത ജാതിവിദ്വേഷത്തിന്റെ അണയാത്ത കനൽ ഊതിപ്പെരുപ്പിക്കുന്നതായിരുന്നു. കൊല്ലപ്പെട്ട പിഞ്ചുകുഞ്ഞുങ്ങളുടെ മൃതദേഹവുമായി ബന്ധുക്കൾ ദേശീയപാത ഉപരോധിക്കുന്നു. നീതിതേടിയുള്ള യാത്ര ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല, നാളെ അവസാനിക്കുന്നതുമല്ല. അതു തുടരുന്നു. ഇന്നും നാളെയും വരുംകാലത്തെയും മുന്നേറ്റങ്ങൾക്കു നാന്ദികുറിച്ചു കൊണ്ട് താൻ ആയിരിക്കുന്നതിനെ അംഗീകരിച്ചു കൊണ്ട് പുതിയ സാദ്ധ്യതകൾ തേടി, അധികാര വംശത്തെ പ്രതിരോധിച്ചു കൊണ്ട്, ആദിവാസി സമുദായം മുന്നേറുന്നു. ജീവിതത്തിലും സാഹിത്യത്തിലും പരിണാമങ്ങളുടെ ചരിത്രം രൂപപ്പെടുത്താൻ ഒരു ജൈത്രയാത്ര.

## ഗ്രന്ഥസൂചിക

1. കരീം സി.കെ., ചരിത്ര പഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1984
2. പുരുഷോത്തമൻ കെ.സി., ദലിത് സാഹിത്യ പ്രസ്ഥാനം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2008
3. പ്രദീപൻ പാമ്പിരികുന്ന്, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007
4. മുകുന്ദൻ എം., മുകുന്ദന്റെ കഥകൾ സമ്പൂർണ്ണം, ഡി.സി. ബുക്സ്, കോട്ടയം,2009
5. മുരളി കവിയൂർ, ദലിത് സാഹിത്യം, കറന്റ് ബുക്സ്, കോട്ടയം, 2001
6. സുകുമാർ അഴീക്കോട്, ഭാരതീയത, ഡി.സി. ബുക്സ്, കോട്ടയം, 1999

**അനുഡേവിഡ്** (ഗവേഷക)
ശ്രീകേരളവർമ്മ കോളേജ്,
തൃശ്ശൂർ
anuannaadat@gmail.com.